
www.muthalakodamstgeorgechurch.com



# മുതലക്കോടത്ത് മുത്തപ്പൻ

## ഇടവക ബുള്ളറ്റിൻ

വാല്യം 41 ലക്കം 08 ഓഗസ്റ്റ് 2026



# MAGIC PETALS




Trusted Brands. Happy Pets.

PREMIUM PET FOOD BRANDS WE OFFER

Meo | drools | ROYAL CANIN | PUREPET | GRAINZERO — HEALTHY PET. HAPPY PET.

PURINA | TAIYO | PURPLE TAILE | BOWLERS | Himalaya SINCE 1930

Muthalakodam

8086362989
98097 11770

Home Delivery Available

For Happy, Healthy Pets

Pet Foods, Pet Accessories & Stationery

*Quality Products | Caring for Pets | Supporting Your Learning*

* Terms and conditions applied

# JDMX
## PARK VILLA
### APARTMENTS

**NOW AVAILABLE**
**FOR DAILY RENT**




**PREMIUM FLATS NEAR MUTHALAKKODAM CHURCH**
Ideal for families, couples, tourists, business stays, and vacation rentals.


SPACIOUS LIVING ROOM


SPACIOUS DINING AREA


2 & 3 BEDROOM OPTIONS


MODERN KITCHEN


LARGE HALLS


PERFECT FOR EVENTS

**IDEAL FOR**
FAMILIES, COUPLES, TOURISTS, BUSINESS STAYS & VACATION RENTALS.

**SPACIOUS GROUND-FLOOR HALLS ARE ALSO AVAILABLE FOR**
BIRTHDAY CELEBRATIONS, BUSINESS MEETINGS, GATHERINGS, AND PRIVATE PARTIES.

**FOR BOOKING, CALL US:** **+91 79077 96771**
+91 7902410331

Wi-Fi | Air Conditioning | Kitchen | Parking | CCTV Security 24/7

# പുതിയ കൈക്കാരന്മാർക്ക് സ്വാഗതം



കുര്യാക്കോസ് കെ. കെ. കല്ലിങ്കക്കുടിയിൽ



സജി പള്ളിക്കുന്നേൽ



സിബി തുറയ്ക്കൽ



ജെയിംസ് കുന്നുമ്മേൽ





## ലഹരി വിരുദ്ധ ദിനാചരണം

Say No to Drugs - The Final Whistle

# മുതലക്കോടത്ത് മുത്തപ്പൻ







01 വികാരിയച്ചന്റെ സന്ദേശം

03 ഇടവകവാർത്തകൾ

04 സംഘടനാവാർത്തകൾ

11 കുടുംബവാർത്തകൾ

12 പ്രധാന ദിനങ്ങൾ

13 ബൈബിൾ ക്വിസ്

14 വാർഡ് പ്രാർത്ഥന

16 വിശ്വാസ പഠനപരമ്പര

18 ചിത്രകഥ

19 തിരുവചനവായനകൾ



Patron Mar George Madathikandathil

Published on First Sunday of every month

Phone : 8281717867

E-mail : muthalakodam123@gmail.com



മാനേജിംഗ് എഡിറ്റർ റവ. ഫാ. സെബാസ്റ്റ്യൻ ആരോലിച്ചാലിൽ Mob : 9447400859

ചീഫ് എഡിറ്റേഴ്സ് ഫാ. അഗസ്റ്റിൻ നിരപ്പേൽ Mob : 9544616465

ഫാ. ജോസഫ് ചാരനാൽ Mob : 9188168183

എഡിറ്റേഴ്സ് ശ്രീമതി ഗ്രേസി തോമസ് പാറയിൽ

സിസ്റ്റർ. പുഷ്പ മരിയ എസ്.എച്ച്

ശ്രീ. കുര്യാക്കോസ് കെ. കെ. കല്ലിങ്കക്കുടിയിൽ

ശ്രീ. സജി പള്ളിക്കുന്നേൽ

ശ്രീ. സിബി തുറയ്ക്കൽ

ശ്രീ. ജെയിംസ് കുന്നുമ്മേൽ




# വികാരിയച്ചന്റെ സന്ദേശം

"കൃപ നിറഞ്ഞവളേ സ്വസ്തി, കർത്താവ് നിന്നോടുകൂടെ"
( ലൂക്ക 1 : 28)

പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാൾ ഓഗസ്റ്റ് 15-ാം തീയതി നാം ആഘോഷിക്കുകയാണ്. പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണം ആദിമസഭയുടെ വിശ്വാസബോധ്യമായിരുന്നു. 1950 നവംബർ 15-ാം തീയതി പന്ത്രണ്ടാം പീയൂസ് മാർപാപ്പ മുനിസിച്ചെന്തേസിമൂസ് ദേയൂസ് എന്ന അപ്പസ്തോലിക ഭരണഘടനയിലൂടെ പരി. ദൈവമാതാവിന്റെ സ്വർഗ്ഗാരോപണം ഒരു വിശ്വാസസത്യമായി പ്രഖ്യാപിച്ചു. രണ്ടാം വത്തിക്കാൻ സൂനഹദോസ് പരിശുദ്ധ അമ്മയെക്കുറിച്ചു പറയുന്നത് ഇങ്ങനെയാണ്: സ്വർഗ്ഗത്തിൽ ആത്മീയ പുണ്യങ്ങളോടെ മഹത്വീകൃതയായി കഴിയുന്ന അമ്മ, വരാനിരിക്കുന്ന ലോകത്തിൽ പൂർത്തീകരിക്കപ്പെടാനിരിക്കുന്ന സഭയുടെ പ്രതീകവും ആരംഭവുമാണ്. 'ഇതാ കർത്താവിന്റെ ദാസി' എന്ന് ഏറ്റു പറഞ്ഞുകൊണ്ട് ദൈവഹിതത്തിന് സ്വയം സമർപ്പിച്ച്, ഉത്തമമായ ഒരു ക്രൈസ്തവ ജീവിതം പരിശുദ്ധ അമ്മ നയിച്ചു.

പരിശുദ്ധ അമ്മയുടെ ജീവിതം എന്നും നമുക്ക് ഉത്തമ മാതൃകയാണ്. പരി. അമ്മയുടെ ഇഹലോകജീവിതം സഹനങ്ങളും മുള്ളുകളും നിറഞ്ഞവയായിരുന്നെങ്കിലും അതെല്ലാം ധീരതയോടെ നേരിട്ട്, എല്ലാവർക്കും സ്നേഹം പകർന്നു നൽകി. സഹനങ്ങളെ എപ്രകാരം നേരിടണമെന്ന് അമ്മ നമ്മെ പഠിപ്പിച്ചു. വി. യോഹന്നാന്റെ സുവിശേഷം രണ്ടാം അദ്ധ്യായത്തിൽ പരി. അമ്മയുടെ സാന്നിധ്യമാണ് ആ കുടുംബത്തിന് ആശ്വാസമായിത്തീർന്നത്.





നമ്മുടെ ജീവിതങ്ങളെ അനുഗ്രഹീതമാക്കാൻ എന്താണ് ചെയ്യേണ്ടതെന്ന് അമ്മ തന്നെ പറയുന്നുണ്ട് - "അവൻ നിങ്ങളോട് പറയുന്നത് ചെയ്യുവിൻ" (യോഹ 2:5)

നമ്മുടെ ജന്മഭൂമിയായ ഭാരതത്തിന്റെ സ്വാതന്ത്ര്യദിനം കൂടി അന്നേദിവസം നാം ആഘോഷിക്കുകയാണ്. നമ്മുടെ മാതൃരാജ്യത്തിന് വേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

ഈ മാസം മറ്റു ചില പ്രധാന തിരുനാളുകൾ കൂടിയുണ്ട്. ഈശോയുടെ രൂപാന്തരീകരണത്തിരുനാളും, ഇടവക വൈദീകരുടെ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാളും, പശ്ചാത്യസഭയിലെ വലിയ വിശുദ്ധനും സഭാപിതാവുമായ വി. ആഗസ്തീനോസിന്റെ തിരുനാളും നാം ആഘോഷിക്കുന്നു.

മലയാളനാടിന്റെ ദേശീയോത്സവമായ ഓണവും ഈ മാസത്തിലാണ് നാം ആഘോഷിക്കുന്നത്. വിഭജനങ്ങളും പ്രശ്നങ്ങളും വളർന്നുവരുന്ന ഈ കാലഘട്ടത്തിൽ, ക്രൈസ്തവരായ നാം ഐക്യത്തിന്റെ വക്താക്കളാകുക എന്നത് ദൈവത്തിന്റെ ഹിതവും നമ്മുടെ കടമയുമാണ് എന്ന ബോധ്യത്തോടെ നമുക്ക് മുന്നേറാം.

സ്നേഹത്തോടെ

വികാരിയച്ചൻ

റവ. ഫാ. സെബാസ്റ്റ്യൻ ആരോലിച്ചാലിൽ





## Family Apostolate & DFC Meeting

Family Apostolate ന്റെയും DFC യുടേയും സംയുക്ത ഫൊറോനാതല കൺവെൻഷൻ ജൂലൈ 19-ാം തീയതി ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് നടന്നു. ഫൊറോനാ വികാരി ഫാ. സെബാസ്റ്റ്യൻ ആരോലിച്ചാലിൽ അദ്ധ്യക്ഷത വഹിച്ചു. Family Apostolate & DFC ഡയറക്ടർ റവ. ഡോ. ആന്റണി പുത്തൻകുളം സമ്മേളനം ഉദ്ഘാടനം ചെയ്തു. KLM സംസ്ഥാന ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ വലിയതാഴത്ത് ക്ലാസ് നയിച്ചു. ഫൊറോനയിലെ ഇടവകകളിൽ നിന്നുള്ള വാർഡ് ഭാരവാഹികളും അംഗങ്ങളും ആനിമേറ്റർ സിസ്റ്റർമാരുമടക്കം 250 ഓളം പേർ മീറ്റിംഗിൽ പങ്കെടുത്തു.

**അൽഫോൻസാ സംഗമം**

ജൂലൈ മാസം 26-ാം തീയതി ഞായറാഴ്ച്ച 10 മണിയുടെ വി. കുർബാനയ്ക്ക് ശേഷം വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ചുള്ള അൽഫോൻസാ സംഗമം നടന്നു. മതാദ്ധ്യാപകരും കുട്ടികളും മാതൃവേദി അംഗങ്ങളും അടക്കം ഏകദേശം 130 ഓളം പേർ അൽഫോൻസാ വേഷധാരികളായി അണിനിരന്നു. അന്നേദിവസം ഉച്ചകഴിഞ്ഞ് 2 മണിക്ക് 120 പേർ അടങ്ങുന്ന സംഘം ബഹുമാനപ്പെട്ട കൊച്ചച്ചൻ ഫാ. അഗസ്റ്റിൻ നിരപ്പേലിന്റെ നേതൃത്വത്തിൽ ഭരണങ്ങാനത്തിന് തീർഥാടനയാത്ര പോയി.








# സംഘടനാ വാർത്തകൾ

## സൺഡേ സ്കൂൾ

**ജൂലൈ**

* ജൂലൈ 3 - വിശുദ്ധ തോമാശ്ലീഹായുടെ ദുക്റാനതിരുനാൾ.
* അന്നേദിവസം സൺഡേ സ്കൂൾ വാർഷികം നടത്തി.
* ഒന്നാം ഗ്രൂപ്പിന്റെ കൾച്ചറൽ പ്രോഗ്രാം നടത്തി.
* മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തിയ Feshers Day യിൽ നാല് അധ്യാപകർ സംബന്ധിച്ചു.
* സൺഡേ സ്കൂളിന്റെ പിറ്റിഎ മീറ്റിംഗ് നടത്തി. മാതാപിതാക്കളും കുട്ടികളും അറിഞ്ഞിരിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ച് ലാൽ സാർ ക്ലാസ് നയിച്ചു. അതിനുശേഷം പിറ്റിഎ ഭാരവാഹികളെ തിരഞ്ഞെടുത്തു.
* പിറ്റിഎ പ്രസിഡന്റായി അനീഷ് ഫിലിപ്പ്, എം പിറ്റിഎ പ്രസിഡന്റായി ദീപ സുനീഷ് എന്നിവരെ തിരഞ്ഞെടുത്തു.
* അന്നേ ദിവസം തന്നെ പിറ്റിഎ എക്സിക്യൂട്ടീവ് മെമ്പേഴ്സിനെയും തിരഞ്ഞെടുത്തു.
* കർമ്മല മാതാവിന്റെ തിരുനാളിനോട് അനുബന്ധിച്ച് ബഹുമാനപ്പെട്ട വികാരിയച്ചൻ കുട്ടികൾക്ക് കർമ്മല ഉത്തരീയം കൊടുത്തു.
* ബഹുമാനപ്പെട്ട വികാരിയച്ചന്റെ ജന്മദിനം സമുചിതമായി ആഘോഷിച്ചു.
* അഞ്ചാം ക്ലാസിലെ കുട്ടികൾ അച്ചന് ആശംസാ കാർഡുകൾ നിർമ്മിച്ചു നൽകി ജന്മദിനാശംസകൾ നേർന്നു.
* ജന്മദിനത്തോടനുബന്ധിച്ച് ബഹുമാനപ്പെട്ട വികാരിയച്ചൻ കുട്ടികൾക്ക് സ്വീറ്റ്സ് നൽകുകയും ചെയ്തു.
* വി. യാക്കോബ് ശ്ലീഹാ, വി. യോവാക്കിം, വി. അന്ന എന്നിവരുടെ തിരുനാൾ ആഘോഷിച്ചു.

* നെസ്റ്റിൽ വച്ച് നടത്തിയ ഇൻസൈറ്റ് പ്രോഗ്രാമിൽ ഇടവകയിൽ നിന്ന് നാലു കുട്ടികൾ പങ്കെടുത്തു.
* ഈ വർഷത്തെ വി. അൽഫോൻസാമ്മയുടെ തിരുനാളിനോട് അനുബന്ധിച്ച് ജൂലൈ 26 ഞായറാഴ്ച്ച കുട്ടികൾ, അധ്യാപകർ, മാതൃവേദി അമ്മമാർ എന്നിവർ വി. അൽഫോൻസാമ്മയുടെ വേഷം ധരിക്കുകയും കാഴ്ച്ചസമർപ്പണം നടത്തുകയും ചെയ്തു.
* രണ്ടാം ഗ്രൂപ്പിന്റെ കൾച്ചറൽ പ്രോഗ്രാം നടത്തി. അന്നേ ദിവസം തന്നെ ഭരണങ്ങാനം തീർത്ഥാടനം നടത്തുകയും ചെയ്തു.

## ഓഗസ്റ്റ്

* 15 നോമ്പ് ആരംഭം
* ഓഗസ്റ്റ് 4 – ഇടവകവൈദീകരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ.
* ഓഗസ്റ്റ് 15 – പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം, ഇന്ത്യൻ സ്വാതന്ത്ര്യ ദിനം.
* മൂന്നാം ഗ്രൂപ്പിന്റെ കൾച്ചറൽ പ്രോഗ്രാം.
* മൂവാറ്റുപുഴ നെസ്റ്റിൽ പ്രതിഭാ സംഗമം.
* ഓഗസ്റ്റ് 28 – ബഹുമാനപ്പെട്ട അഗസ്റ്റിനച്ചന്റെ നാമഹേതുകത്തിരുനാൾ.





## കെ.സി.വൈ.എം

* 14-06-2026: തിരുഹൃദയ തിരുനാളിനോടനുബന്ധിച്ച് ഹോളി ഫാമിലി ഹോസ്പിറ്റൽ മഠത്തിലെ സിസ്റ്റേഴ്സിന് FEAST ദിനാശംസകൾ നേർന്നു.
* 20-06-2026: KCYM മുതലക്കോടം ശാഖയുടെ പ്രവർത്തന വർഷം ഉദ്ഘാടനം SOUL എന്ന പേരിൽ നടത്തി.
* 02-07-2026: ഡോക്ടേഴ്സ് ദിനത്തിൽ ഡോ. പി.കെ. ജോർജ്, ഡോ. മരീന പാടത്തിൽ എന്നിവരെ സന്ദർശിക്കുകയും ആശംസകൾ അർപ്പിക്കുകയും ചെയ്തു.
* 03-07-2026: ദുക്റാനതിരുനാൾ സമുചിതമായി ആഘോഷിച്ചു. അന്നേ ദിവസം നടത്തപ്പെട്ട സൺഡേ സ്കൂൾ വാർഷികത്തിൽ KCYM അംഗങ്ങൾ MIME അവതരിപ്പിച്ചു.
* 05-07-2026: ഞാറക്കാട് LOVE HOME ൽ പൊതിച്ചോർ നല്കി.
* മൂവാറ്റുപുഴ നിർമ്മല കോളേജിൽ വച്ച് നടത്തപ്പെട്ട KCYM യുവദീപ്തിയുടെ രൂപതാ തല പ്രവർത്തന വർഷം ഉദ്ഘാടനത്തിൽ KCYM അംഗങ്ങൾ പങ്കെടുത്തു.
* 18-07-2026: ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച്, SAY NO TO DRUGS - FINAL WHISTLE എന്ന പ്രോഗ്രാം സംഘടിപ്പിച്ചു. തദ്ദവസരത്തിൽ KCYM അംഗങ്ങൾ കവിത, FLASH MOB, തെരുവുനാടകം എന്നിവ അവതരിപ്പിച്ചു.

## മാതൃവേദി

* ജൂലൈ 5-ാം തീയതി മാതൃവേദിയുടെ പ്രതിമാസ സമ്മേളനം നടന്നു.
* 'പൂർണ ദണ്ഡവിമോചനം' എന്ന വിഷയത്തെ ആസ്പദമാക്കി Sr. വിജിൽ S. H. മാതാക്കൾക്ക് ക്ലാസ് എടുത്തു.
* കുട്ടികളിൽ വായനാശീലം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മാതൃവേദിയുടെ നേതൃത്വത്തിൽ മുതലക്കോടം ഗേൾസ് ഹൈസ്കൂളിൽ ഒരു വർഷത്തേയ്ക്ക് ദീപിക പത്രം സ്പോൺസർ ചെയ്തു.
* ബൈബിൾ പകർത്തിയെഴുതിയ അമ്മമാർക്ക് ഫാ. ജോസഫ് ചാരനാൽ സർട്ടിഫിക്കറ്റും ബൈബിളും വിതരണം ചെയ്തു.
* ഓഗസ്റ്റ് മാസ സമ്മേളനം 02/08/2026 ആദ്യഞായർ ഉച്ചകഴിഞ്ഞ്

രണ്ട് മണിക്ക് നടത്തപ്പെടും. ഓഗസ്റ്റ് രണ്ടാം തീയതി 4. 30 PM ന്റെ കുർബാനയ്ക്ക് കാഴ്ചവയ്പ്പ് ഉണ്ടായിരിക്കുന്നതാണ്. എല്ലാ അമ്മമാരും ഒരുങ്ങി വരണമെന്ന് ഓർമിപ്പിക്കുന്നു.
'മോനിക്ക' ക്വിസ് മത്സരം ഉണ്ടായിരിക്കുന്നതാണ്.

## പിതൃവേദി

* എല്ലാ ഞായറാഴ്ചകളിലും രോഗീ സന്ദർശനം നടത്തുന്നു.
* പതിവുപോലെ എല്ലാ ആദ്യ ശനിയാഴ്ച്ചകളിലും വൈകിട്ടത്തെ കുർബാനയ്ക്കുശേഷം പള്ളി ചുറ്റി ജപമാല പ്രദക്ഷിണം നടത്തുന്നു. സാധിക്കുന്ന എല്ലാവരും പങ്കെടുക്കുമല്ലോ.
* മാസത്തിലെ രണ്ടാമത്തെ വെള്ളിയാഴ്ച്ച ബഹുമാനപ്പെട്ട വൈദീകരുടെ നേതൃത്വത്തിൽ ഭവനങ്ങളിൽ കിടപ്പുരോഗികൾക്ക് വിശുദ്ധ കുർബാന സ്വീകരിക്കുവാനുള്ള സൗകര്യം ഒരുക്കുന്നു. പള്ളി ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യാത്ത ഏതെങ്കിലും കിടപ്പ് രോഗികൾ ഉണ്ടെങ്കിൽ പള്ളി ഓഫീസുമായി ബന്ധപ്പെട്ട് ഈ അവസരം പ്രയോജനപ്പെടുത്തുക.
* എല്ലാ വ്യാഴാഴ്ച്ചകളിലും വൈകിട്ട് 7 മണിക്ക് പള്ളി ചാപ്പലിൽ പ്രാർത്ഥനാക്കൂട്ടായ്മ നടത്തപ്പെടുന്നു.

## സെന്റ് വിൻസെന്റ് ഡീപോൾ സൊസൈറ്റി സെന്റ് ജോർജ് കോൺഫറൻസ് മുതലക്കോടം

* കോൺഫറൻസ് യോഗങ്ങൾ മാസത്തിലെ എല്ലാ ഞായറാഴ്ച്ചയും രാവിലെ 8.30 ന് ഓഫിസിൽ വച്ച് നടത്തപ്പെടുന്നു.
* പാവപ്പെട്ടവർക്കും രോഗികൾക്കും സഹായങ്ങൾ നൽകുന്നു.
* ജൂലൈ മാസം 4-ാം തീയതി വി. ജോർജിയോ ഫ്രസാറ്റിയുടെ തിരുനാളിനോടനുബന്ധിച്ച് അംഗങ്ങൾ വി. കുർബാനയിൽ പങ്കെടുത്ത് പ്രാർത്ഥിച്ചു.

## വിൻസെന്റ് ഡീപോൾ (വനിതാ വിഭാഗം)

* എല്ലാ തിങ്കളാഴ്ച്ചയും 10 30 AM ന് ജപമാലയോട് കൂടി വിൻസെൻഷ്യൻ അംഗങ്ങൾ സമ്മേളിക്കുന്നു.
* എല്ലാ മാസവും 12 ദത്തുകുടുംബങ്ങൾക്കും 10 ദത്തു വിദ്യാർഥികൾക്കും സഹായം നൽകുന്നു.

* സ്നേഹാലയം സന്ദർശിച്ച്, സ്നേഹവിരുന്ന് നടത്തി അന്തേവാസി കളോടൊത്ത് ആരാധനയിൽ പങ്കെടുത്തു.

* സാപിയൻസായിലെ വചനശുശ്രൂഷയിൽ പങ്കെടുത്തു.

ചികിത്സാസഹായം - Rs. 36000/-

താത്കാലിക സഹായം - 21

ദത്തുകുടുംബ സന്ദർശനം - 58

രോഗീസന്ദർശനം - 329

വിശേഷാൽ സന്ദർശനം - 102

ഭവനസന്ദർശനം - 428

## യൂദിത്ത് നവോമി ഫോറം

* **സമ്മേളനം:**

ജൂൺ 17-ാം തീയതി യൂദിത്ത് നവോമി ഫോറത്തിന്റെ ത്രൈമാസ ഫൊറോനാ സമ്മേളനം നടന്നു. ഫൊറോനാ പ്രസിഡന്റ് ശ്രീമതി. ഹെലൻ തുറയ്ക്കൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഫൊറോനാ വികാരി റവ. ഫാ. സെബാസ്റ്റ്യൻ ആരോലിച്ചാലിൽ മുഖ്യപ്രഭാഷണം നടത്തി. രൂപതാ ഡയറക്ടർ റവ. ഡോ. ആന്റണി പുത്തൻകുളം യോഗം ഉദ്ഘാടനം ചെയ്തു. തദവസരത്തിൽ രൂപതാ വൈസ് പ്രസിഡന്റ് ശ്രീമതി. ലിസ്സി സെബാസ്റ്റ്യൻ ആശംസ അർപ്പിച്ചു. ശ്രീമതി. മേഴ്സി പൊരിയത്ത് സ്വാഗതവും ശ്രീമതി. സൂസി റ്റോമി കൃതജ്ഞതയും പറഞ്ഞു.

* **വരവേൽപ്:**

ഫാ. അഗസ്റ്റിൻ നിരപ്പേൽ, ഫാ. ജോസഫ് ചാരനാൽ എന്നീ കൊച്ചച്ചന്മാർക്ക് ഊഷ്മളമായ വരവേൽപ് നൽകി യൂദിത്ത് നവോമി കുടുംബത്തിലേക്ക് സ്വാഗതം ചെയ്തു.

* **യോഗാദിനം:**

ചിലങ്ക ആർട്സ് അക്കാദമിയുടെ നേതൃത്വത്തിൽ ജൂൺ 21 ന് യോഗാദിനം ആചരിക്കുകയുണ്ടായി. ഡോ. ജോസഫ് ചാക്കോ തോട്ടത്തിമാലിൽ Demonstration Class നയിച്ചു.



യോഗാദിനാചരണം

* **ലഘുനിക്ഷേപ പദ്ധതി:**

അംഗങ്ങളായ അമ്മമാർക്ക് വേണ്ടി ലഘുനിക്ഷേപ പദ്ധതി ആരംഭിച്ചു.

## കേരള ലേബർ മൂവ്മെന്റ് (KLM)

* ലോകപ്രസിദ്ധ തീർഥാടനകേന്ദ്രമായ ഗോവയിലെ വി. ഫ്രാൻസിസ് സേവ്യറുടെ ഭൗതീകശരീരം സൂക്ഷിച്ചിരിക്കുന്ന ബോം ജീസസ് ബസിലിക്കയിലേക്ക് മുതലക്കോടം സെന്റ് ജോർജ് ഫൊറോനാ പള്ളിയിലെ KLM യൂണിറ്റിന്റെ നേതൃത്വത്തിൽ 2026 ഓഗസ്റ്റ് 27, 28, 29, 30, 31 തീയതികളിൽ തീർഥാടനയാത്ര പോകുന്നു.
* ഓഗസ്റ്റ് 27 ന് മുതലക്കോടം പള്ളി ഗ്രൗണ്ടിൽ നിന്നും AC 2+2 SEATER ബസ് മാർഗം ഗോവയ്ക്ക് പുറപ്പെടുന്നു. ഓഗസ്റ്റ് 29, 30, 31 തീയതികളിൽ ബോം ജീസസ് ബസിലിക്ക, ഗോവയിലെ മറ്റു ദേവാലയങ്ങൾ, ബീച്ചുകൾ, ഇന്ത്യൻ നേവി ഏവിയേഷൻ മ്യൂസിയം, മറ്റു സുപ്രധാനമായ ടൂറിസ്റ്റ് സ്ഥലങ്ങൾ എന്നിവ സന്ദർശിക്കുന്നു.
* AC 2+2 SEATER ബസ്
* 3 ദിവസത്തെ ഭക്ഷണം
* 3 രാത്രി 3 STAR ഹോട്ടൽ AC റൂം
* ഓഗസ്റ്റ് 31 ന് മടക്കയാത്ര

ഇനി ഏതാനും സീറ്റുകൾ മാത്രം. ഒരാൾക്ക് 10000/- രൂപ. അഡ്വാൻസ് തുക 7000/- രൂപ (for one person) നൽകി ബുക്ക് ചെയ്യുക. ബുക്കിങ്ങിനു വിളിക്കുക :- ബെന്നി പെരികിലത്ത് - 9778437413, അഗസ്റ്റിൻ കവിയിൽ - 9961475746

# സ്നേഹ സ്മരണകളോടെ....

32–ാം ചരമവാർഷികം



## അന്നമ്മ തൊമ്മൻ

ജനനം : 01–11–1907

മരണം: 09–08–1994

30–ാം ചരമവാർഷികം



## പി.പി.തൊമ്മൻ

ജനനം : 09–11–1896

മരണം : 26–06–1996

4–ാം ചരമവാർഷികം



## മേരി റാഫേൽ

ജനനം : 28–04–1929

മരണം: 05–06–2022

## പൊട്ടംപ്ലാക്കൽ, മുതലക്കോടം

"പുനരുത്ഥാനവും ജീവനും ഞാനാകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" (യോഹ.11:25)

"പുനരുത്ഥാനവും ജീവനും ഞാനാകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" (യോഹ.11:25)

# സ്നേഹസ്മരണയ്ക്ക്......

## 5-ാം ചരമവാർഷികം



# കത്രിക്കുട്ടി ഉലഹന്നാൻ

## മാളിയേക്കൽ

ജനനം: 12-08-1933 മരണം: 28-08-2021

# പാവനസ്മരണയ്ക്ക്

## 7-ാം ചരമവാർഷികം



# ജെയ്സൺ വർഗീസ്

## തോട്ടുപുറം

### മുതലക്കോടം

ജനനം: 30-06-1971 മരണം: 10-08-2019

"അവന്റെ വിശുദ്ധരുടെ മരണം കർത്താവിന് അമൂല്യമാണ്"(സങ്കീ.115;16)

സ്നേഹ സ്മരണകളോടെ....

# 4-ാം ചരമവാർഷികം



## സി.ജെ.ജോർജ്

ചെള്ളൂപ്പറമ്പിൽ

(ചെമ്പരത്തി)

ജനനം: 10-06-1939

മരണം: 19-07-2022

"ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു.
എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും"

(യോഹ. 11:25)

# ചെറുപുഷ്പ മിഷൻ ലീഗ്

* മുതലക്കോടത്തു വച്ച് നടന്ന മുതലക്കോടം മേഖല കൗൺസിലിൽ ശാഖയിൽ നിന്നും 25 പേർ പങ്കെടുത്തു. 2025-26 പ്രവർത്തന വർഷത്തിൽ ശാഖക്ക് GOLDEN STAR ലഭിച്ചു. ഈ വിജയത്തിന് പിന്നിൽ അധ്വാനിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ.
* ഏഴുമുട്ടം പ്രൊവിഡൻസ് ഹോമിൽ ഭക്ഷണപ്പൊതികൾ നൽകി.
* കരുതലിന്റെ സാന്നിധ്യമായി 'സാന്ത്വനം' പദ്ധതിക്കു തുടക്കമായി. ബഹുമാനപ്പെട്ട കൊച്ചച്ചൻ ഫാ. ജിതിൻ ചാരനാലിന്റെ നേതൃത്വത്തിൽ വട്ടംകണ്ടത്തിൽ ഭവനത്തിൽ പോവുകയും ആ കുടുംബത്തോടൊപ്പം സമയം ചിലവഴിക്കുകയും ചെയ്തു.
* ഡോക്ടേഴ്സ് ദിനത്തോടനുബന്ധിച്ച് മുതലക്കോടം ഹോളി ഫാമിലി ഹോസ്പിറ്റലിൽ പോയി ഡോക്ടർമാർക്കു ആശംസകൾ നേർന്ന്, സമ്മാനങ്ങൾ നൽകി.
* ദുക്റാനത്തിരുനാൾ ദിനത്തിൽ സഭയുടെ പരമ്പരാഗത കലാരൂപമായ മാർഗംകളി ഇടവകാംഗങ്ങളുടെ മുമ്പിൽ അവതരിപ്പിച്ചു.
* ജൂലൈ 3 ന് അസാധാരണ സമ്മേളനവും പൊതു ദിവ്യകാരുണ്യ സ്വീകരണവും നടത്തി.
* രണ്ടാം ശനിയാഴ്ച്ച ദൈവവിളിക്കായുള്ള ജപമാല റാലി നടത്തി. അന്നേ ദിവസം, എക്സിക്യൂട്ടീവ് മീറ്റിംഗും നടത്തി.
* മൂവാറ്റുപുഴ നിർമ്മല പബ്ലിക് സ്കൂളിൽ വച്ച് നടന്ന രൂപതാ കൗൺസിലിൽ ശാഖയിൽ നിന്നും 30 പേർ പങ്കെടുത്തു. മുൻവർഷത്തെ പ്രവർത്തനങ്ങൾക്ക് SILVER STAR ഉം കയ്യെഴുത്തു മാസികയ്ക്കു പ്രോത്സാഹന സമ്മാനവും ലഭിച്ചു. വിജയത്തിന് വേണ്ടി പ്രോത്സാഹനങ്ങൾ നൽകിയ ബഹുമാനപ്പെട്ട വികാരിയച്ചനും കൊച്ചച്ചന്മാർക്കും നന്ദി.
* അഞ്ചാം ക്ലാസ്സിൽ പഠിക്കുന്ന 45 കുട്ടികൾക്ക് ചെറുപുഷ്പ മിഷൻലീഗ് അംഗത്വ സ്വീകരണം നൽകി. അവർക്കായി പ്രത്യേക പ്രാർഥനകൾ ചൊല്ലുകയും മിഷൻലീഗ് ബാഡ്ജ് ധരിപ്പിക്കുകയും ചെയ്തു.
* FIFA WORLD CUP നോടനുബന്ധിച്ചു നടത്തിയ പെനാൽറ്റി ഷൂട്ട് ഔട്ട് ബഹുമാനപ്പെട്ട വികാരിയച്ചൻ ഫാ. സെബാസ്റ്റ്യൻ ആരോലിച്ചാലിൽ ഉദ്ഘാടനം ചെയ്തു. വിജയികൾക്ക് സമ്മാനങ്ങളും നൽകി.
* മേഖലാ സാഹിത്യ മത്സരങ്ങൾക്ക് ഒരുക്കമായി, ബഹുമാനപ്പെട്ട കൊച്ചച്ചൻ ഫാ. അഗസ്റ്റിൻ നിരപ്പേൽ മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് പരിശീലനം നൽകി.
* ശാഖാ കലാമത്സരങ്ങൾ നടത്തി. ബൈബിൾ വായന, സംഗീതം, പ്രസംഗം എന്നിവയാണ് നടത്തിയത്.
* ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്തു.

# കുടുംബവാർത്തകൾ



## നവദമ്പതികൾ

| നം | പേര് | വീട്ടുപേര് | ഇടവക | വിവാഹം |
|---|---|---|---|---|
| 01 | ചാൾസ് മാത്യു<br>നിത ഡേവിസ് | നാരങ്ങാത്തോട്ടിൽ<br>കണ്ണൂക്കാടൻ | മുതലക്കോടം<br>അരിപ്പാലം | 01/07/2026 |
| 02 | അമൽ ജോയി<br>പ്രജിമോൾ | വടക്കേപ്പറമ്പിൽ<br>ചിറയ്ക്കൽ | മുതലക്കോടം<br>മുതലക്കോടം | 15/07/2026 |
| 03 | ഇഗ്നേഷ്യസ്<br>അയോണ ഷാജി | ചാലിശ്ശേരി<br>കല്ലിങ്കക്കുടിയിൽ | പള്ളുരുത്തി<br>മുതലക്കോടം | 11/07/2026 |
| 04 | അലക്സ്<br>അലീഷ ഷാജി | വിളക്കുന്നേൽ<br>കല്ലിങ്കക്കുടിയിൽ | വിമലഗിരി<br>മുതലക്കോടം | 09/07/2026 |

## പുതുമലരുകൾക്ക് സ്വാഗതം



വീട്ടുപേര് : കല്ലറക്കൽ
മാമ്മോദീസാ പേര് : റോസ് മരിയ
വിളിപ്പേര് : ഇസബെൽ മരിയ ഷോൺ
മാതാപിതാക്കൾ : ഷോൺ ജോസ് - ജിനുമോൾ മാത്യു
മാമ്മോദീസാ : 25/07/2026







# നിത്യതയിലേയ്ക്ക് വിളിക്കപ്പെട്ടവർ

ബോബൻ ജോർജ് (49)
കാവുംപുറത്ത്
പെട്ടേനാട് എ വാർഡ്
മരണം : 05/07/2026

ത്രേസ്യാക്കുട്ടി (88)
ചെമ്പരത്തി
കാഞ്ഞിരംപാറ വാർഡ്
മരണം : 10/07/2026

ജോർജ് ജോൺ (68)
മഞ്ചപ്പിള്ളിൽ
നെല്ലിക്കുഴി വാർഡ്
മരണം : 18/07/2026

ചിന്നമ്മ കുര്യാക്കോസ് (84)
വെള്ളരിങ്ങാട്ട്
താബോർ വാർഡ്
മരണം : 25/07/2026

## പ്രധാന ദിനങ്ങൾ - ആഗസ്റ്റ്

| | | |
|---|---|---|
| 01 | ശനി | 15 നോമ്പ് ആരംഭം, വി. അൽഫോൻസ് ലിഗോരി |
| 04 | ചൊവ്വ | വി. ജോൺ മരിയ വിയാനി |
| 06 | വ്യാഴം | കർത്താവിന്റെ രൂപാന്തരീകരണത്തിരുനാൾ |
| 07 | വെള്ളി | ആദ്യവെള്ളി |
| 08 | ശനി | വി. ഡൊമിനിക്, മാർ മാറി |
| 09 | ഞായർ | വി. ഈഡിത്ത് സ്റ്റെയിൻ |
| 10 | തിങ്കൾ | വി. ലോറൻസ് |
| 11 | ചൊവ്വ | വി. ക്ലാര |
| 14 | വെള്ളി | വി. മാക്സ്മില്യൻ കോൾബെ |
| 15 | ശനി | പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം, സ്വാതന്ത്ര്യദിനം |
| 21 | വെള്ളി | വി. പത്താം പീയൂസ് മാർപാപ്പ |
| 24 | തിങ്കൾ | വി. ബർത്തലോമിയോ ശ്ലീഹാ |
| 27 | വ്യാഴം | വി. മോനിക്ക |
| 28 | വെള്ളി | വി. അഗസ്റ്റിൻ |
| 29 | ശനി | വി. ഏവുപ്രാസ്യാമ്മ |

## വിവാഹ ഒരുക്ക സെമിനാർ

മൂവാറ്റുപുഴ നെസ്റ്റ്

**2026 ആഗസ്റ്റ് 6, 7, 8 & 20, 21, 22**

ഫോൺ : 0485 -2830035 (10.00 - 4.00) , മൊബൈൽ : 9495011191, 9539658158

Online on : www.familyapostalateklm.com





റൂത്ത് 1 മുതൽ 4 വരെ അദ്ധ്യായങ്ങളിൽ നിന്നുള്ള ചോദ്യങ്ങൾ
ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി ആഗസ്റ്റ് 20

BIBLE QUIZ

1. നവോമിയുടെ പുത്രന്മാർ വിവാഹം ചെയ്തത് ആരെയാണ്?
2. നവോമി ബെത്‌ലഹേമിൽ എത്തിയശേഷം ഇതു നവോമിയോ എന്ന് സ്ത്രീകൾ പരസ്പരം ചോദിച്ചപ്പോൾ, നവോമി തന്നെ എങ്ങനെ വിളിക്കണം എന്നാണ് പറഞ്ഞത്?
3. റൂത്തിന്റെ പുസ്തകം അവസാനം ആകുമ്പോൾ റൂത്ത് ആരുടെ ഭാര്യയായിട്ടാണ് മാറുന്നത്?
4. റൂത്തിന്റെ പുത്രന്റെ പേര് എന്താണ്?

**(സഭാപ്രസംഗകൻ 1 മുതൽ 6 വരെ അദ്ധ്യായങ്ങളിൽ നിന്നുള്ള ചോദ്യങ്ങൾ)**

5. ''മിഥ്യകളിൽ മിഥ്യ, സകലവും മിഥ്യ, മിഥ്യകളിൽ മിഥ്യ''- പുസ്തകവും അദ്ധ്യായവും വാക്യവു മേത്?
6. ആകാശത്തിന്റെ കീഴിലുള്ള സമസ്ത കാര്യത്തിനും എന്താണ് ഉള്ളത്?
7. ദൈവാലയത്തിലേക്കു പോകുമ്പോൾ ഒരുവൻ എങ്ങനെ ആയിരിക്കണം?

**(1 സാമുവൽ 1 മുതൽ 7 വരെ അദ്ധ്യായങ്ങളിൽ നിന്നുള്ള ചോദ്യങ്ങൾ)**

8. കർത്താവിന്റെ പുരോഹിതന്മാരായിരുന്ന ഏലിയുടെ പുത്രന്മാർ ആരൊക്കെ?
9. എൽക്കാനയ്ക്ക് ഹന്നായിൽ ഉണ്ടായ മകന്റെ പേര് എന്ത്?
10. ബലിയർപ്പിക്കാൻ ഭർത്താവിനോടൊത്ത് വർഷം തോറും പോകുമ്പോൾ സാമുവലിന്റെ അമ്മ എന്താണ് അവന് നൽകിയിരുന്നത്?
11. സാമുവലിനെ കർത്താവ് എത്രാമത്തെ തവണ വിളിച്ചപ്പോഴാണ്, അരുളിച്ചെയ്താലും അങ്ങയുടെ ദാസനിതാ ശ്രവിക്കുന്നു എന്ന് പറഞ്ഞത്?
12. ഏത് ശത്രുക്കളാണ് ഇസ്രായേലിന്റെ കൈയിൽ നിന്നും ദൈവത്തിന്റെ പേടകം കൈവശപ്പെടുത്തിയത്?
13. ഈ വചനം ശരിയോ തെറ്റോ എന്ന് പറയുക. ''അവിടെ ദാഗോന്റെ ക്ഷേത്രത്തിലെ പ്രതിഷ്ഠയ്ക്കു സമീപം സ്ഥാപിച്ചു. അടുത്ത ദിവസം പ്രഭാതത്തിൽ അഷ്ദോദിലെ ജനങ്ങൾ ഉണർന്നപ്പോൾ ദാഗോന്റെ ബിംബം കർത്താവിന്റെ പേടകത്തിനു മുൻപിൽ നിലത്തു മറിഞ്ഞുകിടക്കുന്നതു കണ്ടു. അവർ അതെടുത്ത് യഥാപൂർവ്വം സ്ഥാപിച്ചു''
14. കർത്താവിന്റെ പേടകം എത്ര മാസമാണ് ഫിലിസ്ത്യരുടെ രാജ്യത്ത് ഉണ്ടായിരുന്നത്?
15. ബത്ഷെമെഷിലെ ജനങ്ങൾ വയലിൽ ഗോതമ്പ് കൊയ്തുകൊണ്ടിരിക്കുകയായിരുന്നു. അവർ തലയുയർത്തി നോക്കിയപ്പോൾ കണ്ടത് എന്താണ്?

## കഴിഞ്ഞലക്കം ഉത്തരങ്ങൾ

1. ധനവാന്റെ അഞ്ച് സഹോദരങ്ങൾ
2. നോഹ, ലോത്ത്, ലോത്തിന്റെ ഭാര്യ
3. മോശ സംസാരിക്കുന്നില്ല. അബ്രാഹമാണ് സംസാരിക്കുന്നത്. (ഉത്തരം - പൂജ്യം)
4. തിമേയൂസ്, അല്ല
5. രണ്ട് (സമരിയാക്കാരനായ കുഷ്ഠരോഗി: 17-ാം അദ്ധ്യായം, സൗഖ്യപ്പെട്ട അന്ധൻ: 18-ാം അദ്ധ്യായം)
6. രണ്ട് (ലൂക്കാ 9:44-45)
7. സദുക്കായർ
8. 11
9. ലൂക്കാ 20:45-47, മത്താ 23:6-7, മർക്കോ 12:38-40
10. ലൂക്കാ 20:42 - 43

## കഴിഞ്ഞലക്കം വിജയികൾ

1. മേരി ജോസഫ് ആർഷാമറ്റം പുത്തൻപുരയിൽ 2. മേഴ്സി കുര്യൻ ഇരണയ്ക്കൽ
3. മേഴ്സി സാന്റോ ചെമ്പരത്തി 4. അലീന സാന്റോ ചെമ്പരത്തി





## വാർഡ് പ്രാർത്ഥന ഓഗസ്റ്റ് 2026

| തീയതി | വാർഡ് | ഭവനം |
|---|---|---|
| 01.08.2026 | മുതലക്കോടം നോർത്ത് | റോയി കുര്യാക്കോസ് വടക്കേവല്യാത്ര |
| 03.08.2026 | കുന്നം കുരിശുപള്ളി | റീത്താമ്മ ജോയി അറയ്ക്കൽ |
| | ഏഴുമുട്ടം | റ്റി യു ജോർജ് തുറയ്ക്കൽ |
| | പഴുക്കാകുളം കുരിശുപള്ളി | ബൈജു തോമസ് കുളംപള്ളിൽ |
| 04.08.2026 | സ്റ്റേഡിയം | ജോർജ് കരീത്തറ |
| 05.08.2026 | ഞരളക്കാട് എ | ജോയി മാത്യു ചെറുകാട്ടുപറമ്പിൽ |
| 06.08.2026 | കാരൂപ്പാറ | ജോസഫ് മത്തായി ചക്കുങ്കൽ |
| | താബോർ | മാർഷൽ പൊട്ടംപ്ലാക്കൽ |
| 08.08.2026 | നെല്ലിക്കുഴി | ബിനു മാത്യു പള്ളിക്കുന്നേൽ |
| | സ്നേഹാലയം | ഷില്ലോ മാത്യു മാളിയേക്കൽ |
| | കുന്നം | ജിൻസ് മാത്യു അതിർത്തിമുക്കിൽ |
| | മുതലക്കോടം | ജോസ് തെക്കേക്കുന്നേൽ |
| 10.08.2026 | ഞരളക്കാട് ബി | ജോസ് മാണി ചെമ്പരത്തി |
| | മുതലക്കോടം സൗത്ത് | മാത്യു ഫ്രാൻസിസ് കൈനിക്കുന്നേൽ |
| | തൊണ്ടിക്കുഴ എ | ഐബി ജോർജ് നെടുമല |
| | കനാൽ കിഴക്ക് | ജോമി തോമസ് തോട്ടുപുറത്ത് |
| 11.08.2026 | ഇടിക്കിട്ടി | എബ്രാഹം ജോസഫ് വലിയകുളത്തിൽ |
| | കൊതകുത്തി | ഫ്രാൻസിസ് പാറയ്ക്കൽ |
| 12.08.2026 | കനാൽ നോർത്ത് | ഷിബു ബേബി പുറകാട്ട് |
| | തൊണ്ടിക്കുഴ ബി | ജെയ്നമ്മ തോമസ് തെക്കേക്കുറ്റിപ്പാലക്കൽ |
| | കാരിക്കോട് | ബെന്നി കാരാടിയിൽ |
| 13.08.2026 | ഞറുക്കുറ്റി | ജോണി പടുക്കാച്ചിയിൽ |
| 17.08.2026 | സാൻജോ | ചാക്കോച്ചൻ കുമ്പാട്ട് |
| | സാപിയൻസ്യ | ജോസഫ് ഉലഹന്നാൻ തുരുത്തിപ്പിള്ളിൽ |
| | ശാസ്താംപാറ | ജിപ്സി ബിനോയ് പുളിയൻമാക്കൽ |

## വാർഡ് പ്രാർത്ഥന ഓഗസ്റ്റ് 2026

| തീയതി | വാർഡ് | ഭവനം |
|---|---|---|
| 18.08.2026 | പട്ടയംകവല | കെ ജെ ജോൺ കുരുക്കൂർ |
| | പാങ്ങാംപാറ | ജോജോ മാപ്പിളകുന്നേൽ |
| 19.08.2026 | ചിറകണ്ടം | മാത്യു പാട്ടുപാറ |
| | മഠത്തിക്കണ്ടം | തോമസ് തീയാടിയിൽ |
| | കനാൽ | ബെന്നി സെബാസ്റ്റ്യൻ കള്ളികാട്ട് |
| 20.08.2026 | മങ്ങാട്ടുകവല | തങ്കമ്മ കണ്ടത്തിൻകരയിൽ |
| | പഴുക്കാകുളം | ഇ വി കുര്യൻ ഇരണയ്ക്കൽ |
| | കാഞ്ഞിരംപാറ | ഷാജൻ എബ്രഹാം കുടിയത്ത് കുഴിപ്പിൽ |
| 22.08.2026 | വടക്കുംമുറി | ജോർജ് മൂഴിയിൽ |
| | കുന്നം കിഴക്ക് | പ്രിൻസ് ജോസഫ് തൊട്ടിയിൽ |
| | ഉരുളക്കോട് | സാൻസ് ജെയിംസ് മുതലക്കുഴിയിൽ |
| 24.08.2026 | മുതലക്കോടം ടൗൺ | ജെയിംസ് മാത്യു ആക്കപ്പടിക്കൽ |
| | കോണിക്യമാൽ | ജോസ് വടക്കേൽ |
| 25.08.2026 | ഹൈസ്കൂൾ | മെൽവിൻ ചക്കുങ്കൽ |
| 29.08.2026 | അണ്ണായിക്കണ്ണം | ജെയ്നി ജോസഫ് വെളിയംപറമ്പിൽ |
| | പെട്ടേനാട് എ | ജോർജ് ദേവസ്യ താന്നിക്കൽ |
| | ആർപ്പാമറ്റം | ഷൈൻ അഗസ്റ്റിൻ പീടികപ്പറമ്പിൽ |
| | കുന്നം പടിഞ്ഞാറ് | ജിമ്മി ചെമ്പരത്തി |

## ലോഗോസ് ക്വിസ്

**മത്സരത്തിനുള്ള പാഠഭാഗങ്ങൾ:**

റൂത്ത് 1 - 4
സഭാപ്രസംഗകൻ 1 - 6
1 സാമുവൽ 1 - 7
വി. യോഹന്നാൻ 1 - 12
ഗലാത്തിയ 1 - 6

പഠനത്തിനായി ഉപയോഗിക്കേണ്ടത് POC ബൈബിളും ഇംഗ്ലീഷിന് NRSV (Catholic Edtion) ബൈബിളുമാണ്.

**രൂപതാ തലം – 2026 സെപ്റ്റംബർ 27 ഞായർ, പരീക്ഷാ സമയം – ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെ.**

**സംസ്ഥാന തലം – 2026 നവംബർ 8**

**മെഗാ ഫൈനൽ – 2026 നവംബർ 21 – 22**

# വിശ്വാസപഠന പരമ്പര

## സീറോ മലബാർ സഭയുടെ യാമപ്രാർത്ഥനകൾ

മിശിഹായുടെ മൗതീകശരീരമായ തിരുസഭയുടെ ഔദ്യോഗിക പ്രാർത്ഥനയാണു യാമപ്രാർത്ഥനകൾ. ദിവസത്തിന്റെ വിവിധ യാമങ്ങളിൽ പ്രാർത്ഥിച്ച് അവയെ വിശുദ്ധീകരിക്കുന്നതിനു വിശുദ്ധ ഗ്രന്ഥത്തിൽ നിന്നും വിശുദ്ധ പാരമ്പര്യത്തിൽനിന്നും തിരുസഭ രൂപപ്പെടുത്തിയിരിക്കുന്ന ദൈവസ്തുതികളുടെ സമാഹാരമാണിത്. സഭ ദിവ്യകാരുണ്യം പരികർമ്മം ചെയ്തുകൊണ്ടു മാത്രമല്ല, പ്രത്യുത നിരവധി മാർഗ്ഗങ്ങളിലൂടെ, സർവ്വോപരി യാമപ്രാർത്ഥനകൾ ചൊല്ലിക്കൊണ്ട് കർത്താവിനെ ഇടവിടാതെ സ്തുതിക്കുകയും സർവ്വലോകത്തിന്റെയും രക്ഷയ്ക്കായി മാധ്യസ്ഥ്യം വഹിക്കുകയും ചെയ്യുന്നു(SC 83). ദൈവത്തെ നിരന്തരം മഹത്വപ്പെടുത്താനും മനുഷ്യനെ അനുനിമിഷം വിശുദ്ധീകരിക്കാനുമായി തിരുസഭ ക്രമീകരിച്ചിരിക്കുന്ന പ്രാർത്ഥനകളാണിത്.

പുരാതനകാലം മുതലേ യഹൂദർക്ക് വിവിധ യാമങ്ങളിൽ പ്രാർത്ഥനകൾ ഉണ്ടായിരുന്നു. നീതിമാനായ ദൈവമേ, ന്യായവിധിയേപ്രതി ദിനം തോറും ഏഴു പ്രാവശ്യം ഞാൻ അങ്ങയെ സ്തുതിക്കുന്നു (സങ്കീ 118, 164) എന്നു സങ്കീർത്തകൻ ഉദ്ഘോഷിക്കുമ്പോൾ ദിവസം മുഴുവനും ദൈവത്തെ സ്തുതിക്കുന്നു എന്നു തന്നെയാണ് വിവക്ഷിക്കുന്നത്. മിശിഹായിൽ നിന്നു (മർക്കോ 1: 35, ലൂക്കാ 6: 12, മത്താ 14: 23) ശ്ലീഹന്മാരിലൂടെ (ശ്ലീഹ 3: 1, 10: 9, 16: 25) ലഭിച്ച പ്രാർത്ഥനാപാരമ്പര്യം പിന്തുടർന്ന സഭ നിശ്ചിത സമയങ്ങളിൽ പ്രാർത്ഥിക്കുന്ന പതിവു സ്വീകരിച്ചു.

### പൗരസ്ത്യ സുറിയാനി യാമപ്രാർത്ഥനകളുടെ രൂപീകരണം

സുറിയാനി സഭയിലെ വിശുദ്ധരായ അനേകം പിതാക്കന്മാരുടെ നിരന്തര പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും ഫലമായി രൂപപ്പെട്ടതാണു നമ്മുടെ സഭയുടെ യാമപ്രാർത്ഥനകൾ. നിസിബിസിലെ മെത്രാനായിരുന്ന മാർ യാക്കോബ്, മാർ ശിമയോൻ ബർസബാ, മാർ അപ്രേം, മാർ മാറുത്ത, നിസിബിസിലെ നർസായി, മാർ ബാബായി തുടങ്ങിയവർ യാമപ്രാർത്ഥനകളുടെ രൂപീകരണത്തിൽ വലിയ സംഭാവനകൾ നല്കിയിട്ടുണ്ട്. യാമപ്രാർത്ഥനകളിൽ ഉപയോഗിക്കുന്ന ഗീതങ്ങളിൽ പലതും മാർ അപ്രേം രചിച്ചവയാണ്.

യാമപ്രാർത്ഥനകൾക്ക്, കത്തീഡ്രൽ ദേവാലയങ്ങളെയും സന്യാസസമൂഹങ്ങളെയും കേന്ദ്രമാക്കി വളർന്നുവന്ന രണ്ടു പാരമ്പര്യങ്ങൾ ഉണ്ടായിരുന്നു. ഇവയുടെ കയ്യെഴുത്തുപ്രതികൾ ശേഖരിച്ച്, ആരാധനാവത്സരത്തിനു യോജിച്ച രീതിയിൽ ഹൂദ്രാ (Hudra) ക്രമീകരിച്ചത്

ഈശോയാബ് മൂന്നാമൻ പാത്രിയാർക്കീസാണ് (647–657).

**ഏഴു യാമങ്ങളിലെ പ്രാർത്ഥനകൾ**

പൗരസ്ത്യ സുറിയാനി സഭയിലെ യാമപ്രാർത്ഥനകളുടെ ഉറവിടങ്ങളിൽ ഏഴു യാമങ്ങളിലെ പ്രാർത്ഥനകളാണുള്ളത്. അവ യഥാക്രമം റംശാ, സുബാആ, ലെലിയാ, ഖാലാ ദശഹറാ, സപ്രാ, ഖുട്ടാആ, എന്ദാനാ എന്നിവയാണ്. ആരാധനാദിവസം ആരംഭിക്കുന്നത് സായാഹ്നത്തിലാണ്. സന്ധ്യയായി, പ്രഭാതമായി, ഒന്നാം ദിവസം (ഉത്പ 1: 5) എന്നുള്ള വിശുദ്ധഗ്രന്ഥഭാഗമാണ് ഇതിന്റെ അടിസ്ഥാനമായി നിലകൊള്ളുന്നത്. വൈകുന്നേരം ആറിനും ഒമ്പതിനും ഇടയ്ക്കുള്ള സമയത്താണ് റംശാ (സായാഹ്നം) പ്രാർത്ഥന ചൊല്ലുന്നത്. ലെലിയാ രാത്രിജപമാണ്. അതിനാൽ ഒമ്പതിനും പന്ത്രണ്ടിനും ഇടയ്ക്കുള്ള സമയത്താണ് ലെലിയാ ചൊല്ലുന്നത്. സപ്രാ പ്രഭാതജപമായതിനാൽ പുലർച്ചെ ആറിനും ഒമ്പതിനും ഇടയ്ക്കുള്ള സമയത്താണ് ചൊല്ലുന്നത്.

**സീറോമലബാർസഭയുടെ യാമപ്രാർത്ഥനകൾ: രൂപീകരണചരിത്രം**

ലാസറിസ്റ്റ് വൈദീകനായ പോൾ ബഡ്ജാൻ, പൗരസ്ത്യ സുറിയാനി ആരാധനാക്രമത്തിലെ ഹൂദ്രാ (Hudra) കയ്യെഴുത്തുപ്രതികൾ ചുരുക്കി എഡിറ്റ് ചെയ്ത് 1886, 1887 വർഷങ്ങളിൽ പ്രൊപ്പഗാന്ത ഫീദേയുടെ നേതൃത്വത്തിൽ മൂന്ന് വാല്യങ്ങളായി പ്രസിദ്ധീകരിച്ചു. 1939–ൽ പൗരസ്ത്യ സഭകൾക്കു വേണ്ടിയുള്ള കാര്യാലയം ഇത് പുനഃപരിശോധിച്ച് സീറോ മലബാർ, കൽദായ സഭകളുടെ ഉപയോഗത്തിനായി വീണ്ടും പ്രസിദ്ധീ കരിക്കുകയും, 1953–ൽ കേരളം സന്ദർശിച്ച കർദ്ദിനാൾ യൂജിൻ ടിസറാങ് ഈ യാമപ്രാർത്ഥനകൾ മാതൃഭാഷയിലേക്ക് വിവർത്തനം ചെയ്യാൻ നിർദ്ദേ ശിക്കുകയും ചെയ്തു. ഇതിന്റെ തുടർച്ചയായി, മാർ ജോസഫ് പാറേക്കാ ട്ടിലിന്റെ നിർദ്ദേശപ്രകാരം ഫാ. ആബേൽ സി.എം.ഐ. കാനോന നമ സ്കാരം എന്ന പേരിൽ ചില ഭാഗങ്ങൾ മൂന്ന് വാല്യങ്ങളായി വിവർത്തനം ചെയ്തിരുന്നുവെങ്കിലും, 1986–ൽ സീറോമലബാർ സഭയുടെ യാമപ്രാർ ത്ഥനകൾ എന്ന ഒറ്റ വാല്യം പുസ്തകം ഔദ്യോഗികമായി പ്രസിദ്ധീകരിച്ചു. തുടർന്ന്, പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിന് അനുയോജ്യമായ പൂർണ്ണ നവീകരണത്തിനായി 2007–ലും 2014–ലും സിനഡ് എടുത്ത തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ, സെൻട്രൽ ലിറ്റർജിക്കൽ കമ്മിറ്റിയും സബ് കമ്മിറ്റിയും ഹൂദ്രായെ ആസ്പദമാക്കി വിശദമായ വിവർത്തനവും ഭാഷാശുദ്ധീ കരണവും നടത്തി. മെത്രാന്മാരുടെ സ്പെഷ്യൽ കമ്മിറ്റിയും മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ് ആലഞ്ചേരിയും സസൂക്ഷ്മം വിലയിരുത്തിയ ഈ നവീകരിച്ച യാമപ്രാർത്ഥനാ പുസ്തകം 2022 ആഗസ്റ്റിൽ നടന്ന XXX–ാം സിനഡിന്റെ രണ്ടാം സെഷനിൽ ഔദ്യോഗികമായി അംഗീകരിച്ചു.

# സെന്റ് ജോർജ്:6

ഡോ. ജയ്സൺ കൊച്ചുവീടൻ






# തിരുവചന വായനകൾ

## ഓഗസ്റ്റ് 2026

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
| --- | --- | --- | --- | --- | --- | --- |
| **30** 1 കോറി 15:35-50 മർക്കോ 9:2-13 | **31** 1 കോറി 2:9-15 ലൂക്കാ 23:33-43 | | | | | **1** റോമാ 13:1-7 മത്താ 17:24-27 |
| **2** 2 തെസ 2:13-17 മത്താ 13:44-52 | **3** എഫേ 1:15-20 മർക്കോ 8:22-30 | **4** 1 കോറി 1:10-17 യോഹ 3:22-30 | **5** ഗലാ 3:19-25 ലൂക്കാ 10:25-37 | **6** ഹെബ്രാ 12:18-29 മത്താ 17:1-9 | **7** റോമാ 14:13-23 മർക്കോ 9:42-50 | **8** റോമാ 2:17-24 മത്താ 15:10-20 |
| **9** യൂദാ 1:8-13 ലൂക്കാ 11:14-26 | **10** വെളി 12:7-12 ലൂക്കാ 8:26-39 | **11** 1 യോഹ 3:1-10 യോഹ 8:37-47 | **12** 1 തെസ 4:1-8 മത്താ 21:12-17 | **13** 1 തെസ 3:6-13 മർക്കോ 1:40-45 | **14** 2 കോറി 6:1-10 യോഹ 16:25-33 | **15** റോമാ 16:17-27 യോഹ 2:1-12 |
| **16** വെളി 21:9-14 യോഹ 6:16-24 | **17** എഫേ 5:22-33 മത്താ 16:13-20 | **18** ശ്ലീഹ 4:32-37 ലൂക്കാ 12:22-34 | **19** എഫേ 4:1-6 യോഹ 21:1-12 | **20** 2 കോറി 3:12-18 യോഹ 8:31-38 | **21** 2 കോറി 6:1-10 യോഹ 15:18-21, 16:1-4 | **22** 1 കോറി 12:12-27 മത്താ 18:15-20 |
| **23** യാക്കോ 4:1-10 മത്താ 6:19-24 | **24** 1 കോറി 9:24-27 മർക്കോ 12:28-34 | **25** 2 പത്രോ 1:1-11 ലൂക്കാ 12:13-21 | **26** 1 യോഹ 3:11-18 ലൂക്കാ 16:19-31 | **27** 1 കോറി 6:1-11 ലൂക്കാ 6:27-36 | **28** 2 കോറി 9:6-15 മത്താ 19:13-24 | **29** ഫിലെ 1:8-20 മത്താ 10:5-15 |





സ്നേഹസ്മരണയ്ക്ക്......

# 4-ാം ചരമവാർഷികം



# ത്രേസ്യാമ്മ റ്റി. എ.

## ഇളയിടത്ത്

## ഞറുക്കുറ്റി

ജനനം: 24-09-1946     മരണം: 16-07-2022

"അവന്റെ വിശുദ്ധരുടെ മരണം കർത്താവിന് അമൂല്യമാണ് "(സങ്കീ.115;16)

"ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു.
എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും"
(യോഹ. 11:25)

# സ്നേഹസ്മരണയ്ക്ക്....

**3–ാം ചരമവാർഷികം**



## സി.വി.ബേബി

ജനനം : 08–09–1943
മരണം : 04–08–2023

**13–ാം ചരമവാർഷികം**



## സൂസന്ന ബേബി

ജനനം : 22–03–1953
മരണം : 10–01–2013

**ചെമ്പരത്തിക്കൽ(പതിനാറിൽ)**
**മുതലക്കോടം**




HAVELLS
MASTERS
KSEB
NEAL SOLAR
A NEAL INDUSTRIES COMPANY
പുത്തൻ ഊർജ്ജത്തിൽ
ഓണം പൊടിപൊടിക്കാം
നീൽ സോളാറിനൊപ്പം
ഏവർക്കും ഓണാശംസകൾ
Solplanet
adani
Deye
WAAREE
ENPHASE
+91 85890 67771, +91 85890 67770
www.nealsolar.com


അൽഫോൻസാ സംഗമം 2026